**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 393** | **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സ്വയംതൊഴിൽ പദ്ധതികളായ ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ, നവജീവൻ എന്നിവ നടപ്പിലാക്കുന്നത് വഴി തൊഴിലില്ലായ്മ നിരക്ക് ഒരു പരിധി വരെ കുറയ്ക്കുന്നതിന് സഹായകരമാകുന്നുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും, ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സാധിക്കുന്നുണ്ട്. നിയുക്തി മെഗാ ജോബ് ഫെയറുകളും തൊഴിൽമേളകളും സംഘടിപ്പിക്കുക വഴി സ്വകാര്യ മേഖലകളിലെ നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുക-യുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 9585 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന, 2021-22 സാമ്പത്തിക വർഷത്തിൽ 5725 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ട്.<br><br>തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി മികവിന്റെ കേന്ദ്രങ്ങളിലൂടെയും അക്രഡിറ്റഡ് സ്ഥാപനങ്ങളിലൂടെയും നാളിതുവരെയായി 16,053 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും 4,903 പേർക്ക് വിദേശത്തും സ്വദേശത്തുമായി തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിൽ ഉടമകളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക |

| | | | | |
|---|---|---|---|---|
| | | | | സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിൽമേളകൾ വഴിയും അല്ലാതെയും നാളിതുവരെ 3389 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. സങ്കൽപ്പ് പദ്ധതിയുടെ ഇൻക്ലൂഷൻ കംപോണന്റ് മുഖേന നാളിതുവരെ 25 വിദ്യാർത്ഥികൾക്ക് വിജയകരമായി പരിശീലനം നൽകുകയും അതിൽ എല്ലാവർക്കും തൊഴിൽ നൽകുവാനും സാധിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) മുഖേന നാളിതുവരെ 27,042 പേർക്ക് പരിശീലനം നൽകുകയും അതിൽ 22,524 പേരുടെ അസ്സെസ്സ്മെന്റ് പൂർത്തിയാക്കി 19,223 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും, ഇവരിൽ 5,840 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു.<br><br>2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി പ്രകാരം 2530 പേർക്ക് കെ-ഡിസ്ക് ഇതിനോടകം തൊഴിൽ നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ യുവജനതയ്ക്ക് വിദേശരാജ്യങ്ങളിൽ അനുയോജ്യമായ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്ന തൊഴിൽ വകുപ്പിന് കീഴിലുള്ള ഒരു സ്ഥാപനമാണ് 'ഒഡെപെക്'. കേരളത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ ഒഡെപെക് സഹായിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി നേടാനുതകുന്ന തരത്തിൽ നൈപുണ്യ വികസന പരിശീലനങ്ങളും വിദേശഭാഷാ പരിശീലനങ്ങളും ഒഡെപെക് നൽകി വരുന്നുണ്ട്. 2016 മെയ് മുതൽ ഇതുവരെ 2748 പേർക്ക് ഒഡെപെക് മുഖേന വിദേശത്തേക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.<br><br>നോർക്ക വകുപ്പ് വഴി നടപ്പിലാക്കുന്ന "പ്രവാസി കേരളീയരുടെ പുനരധിവാസം, പുന:ഏകീകരണം, ഏകോപനം" എന്ന പദ്ധതി വഴി ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് പുതിയ തൊഴിൽ നൽകുന്നതിനും, വീണ്ടും മറ്റു രാജ്യങ്ങളിലേയ്ക്ക് കുടിയേറാൻ അവസരങ്ങൾ ഒരുക്കുകയും, സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ മുതലായവ തുടങ്ങാൻ സഹായിക്കുകയും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 4 സ്വയം തൊഴിൽ പദ്ധതികൾ നോർക്ക റൂട്ട്സിൽ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമായിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പിന് കീഴിൽ തൊഴിലില്ലായ്മ നിരക്ക് സംബന്ധിച്ച് സർവേ നടത്തിയിട്ടില്ല. എന്നാൽ, കേന്ദ്ര സർക്കാരിന് കീഴിലുള്ള Statistics & Programme Implementation മന്ത്രാലയത്തിന്റെ Periodic Labour Force Survey (PLFS) പ്രകാരം കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് മുൻപും ശേഷവുമുള്ള സംസ്ഥാന-ദേശീയ തൊഴിലില്ലായ്മാ നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു:-<br><br><u>കേരളം</u>    <u>കേന്ദ്രം</u><br><br>(ശതമാനത്തിൽ)<br><br>കോവിഡ് വ്യാപനത്തിന് മുൻപ്<br>- 16.3    9.1<br><br><u>കോവിഡ് വ്യാപനത്തിന് ശേഷം</u><br><br>2020 June<br>- 27.3    20.8<br><br>2022 March<br>- 13.2    8.2 |

സെക്ഷൻ ഓഫീസർ